


**Week 18 (April 14_2024)**

1. Does there exist any Christological disputes between catholic theology and the east syriac theology?

No.

2. Which was the declaration that put an end to the controversies between catholic theology and the east syriac theology?

Common Christological declaration of Pope John Paul II and his holiness Mar Dinkha IV, Catholicos-Patriarch of the Assyrian Church of the East.

3. When was common Christological declaration of Pope John Paul II and his holiness Mar Dinkha IV, Catholicos-Patriarch of the Assyrian Church of the East Declared?

Friday, 11 November 1994.

4. Who were the primates who siged common Christological declaration of Pope John Paul II and his holiness Mar Dinkha IV, Catholicos-Patriarch of the Assyrian Church of the East?

Pope John Paul II and Mar Dinkha IV Catholicose.

5. Where was common Christological declaration of Pope John Paul II and his holiness Mar Dinkha IV, Catholicos-Patriarch of the Assyrian Church of the East declared?

At Saint Peter's Basilica, Rome.

6. What was the final aim of the common Christological declaration?

To proclaim together before the world the common faith in the mystery of the incarnation.

7. From where did the doctrine of the Apostolic faith come?

It is from divine revelation.

8. How can we define the words “divine revelation”?

“Divine revelation” is that which Alaha himself has revealed to man; in order for man to rightly and salvificly serve him; and for man to worthily give to him due honour and praise.

9. Why are all men not capable of receiving “divine revelation” from the almighty Alaha and father?

Owing to sinful impurity of both body and soul they are not capable of receiving the “divine revelation” from Alaha.

10. Who are the agents who have received and delivered the “divine revelation”?

Adam, Noah, Abraham, melchizedek, Moses and other Nivyas; these received the beginnings of the divine revelation and proclaimed the same to humankind; but, it was the incarnate son of Alaha our lord and Savior Isho M'shiha, the second person of the holy trinity, who brought the divine revelation to earth in it's fullness and perfection.

11. Is it possible for man to have any knowledge of Alaha, without it being revealed to him?

Some knowledge of Alaha can be gained by the consideration or contemplation upon the creation (such as the trees, flowers, the cosmos, etc); however, this knowledge is imperfect and not sufficient to reveal the totality of Alaha. It will only serve as a preparation for faith; or, as a help toward Alaha and his revelation.

12. How do we preserve divine revelation and spread it among humankind in the true Church?

By utilizing two methods: the holy apostolic and living tradition; and the holy scriptures.

13. What do we mean by “holy apostolic and living tradition?”

We mean that the holy, apostolic, and the living tradition is the dogma of the Christian faith, the law of Alaha, the holy raze, and the rituals as handed to us by the true believers and worshipers of almighty Alaha, orally and by example from generation to another.

14. What is the Aramaic term for revelation/ manifestation?

Denha.

15. What is the true repository for the holy, apostolic and the living tradition?

All true believers united by the holy tradition of the faith, collectively and successively, by the will of God, compose one holy church; and, this holy church is the true repository of the holy and living apostolic tradition.

16. Which is the more ancient practice, observing the use of the sacred scriptures or of the holy, apostolic, and the living tradition?

The most ancient and original means, or mode, for proclaiming the divine revelation is the holy apostolic and living tradition! From Adam, the father of humankind to the Moses nivya there were no written sacred books. Maran Isho M'shiha, himself, delivered his divine dogma and practice unto the disciples by word of mouth and primary example; not by the written page. This same method or mode was followed, also, by the holy Shlihe in their days of Apostolic ministry; proclaiming the Christian faith, and establishing the holy Church of Maran Isho M'shiha.

17. If you say that holy tradition is so important, then why is the holy scripture given to the Church?

The holy scripture is given to the Church, so that the divine revelation may be kept and preserved as it had been given, without change.

18. Why do we abide within the structure of the holy apostolic and living tradition, even though we have easy access to the holy scriptures?

We are to abide in the sacred tradition, as it is in line with the divine revelation and the holy scriptures (all else is to be cast aside as heresy). Poulose Shliha records for us: ". . . Therefore, brethren, stand fast, and hold the traditions which you have been taught, whether by our word, or epistle. . ." (II Thessalonians 2:15).

19. What do we mean by the Old Testament and the New Testament?

We mean to state that there was an earlier covenant of Alaha with man; and the new covenant of Alaha with mankind.

20. What constitutes the formation of the Old Testament?

The Old Testament is the revelation of the forth-coming of Jesus Christ, and preparing them (humankind) to accept him.

**Week 18 (April 14_2024)**

1. കത്തോലിക്കാ ദൈവശാസ്ത്രവും പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രവും തമ്മിൽ മിശിഹാ വിജ്ഞാനീയവുമായി ബന്ധപെട്ട് എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ?

- ഇല്ല.

2. കത്തോലിക്കാ ദൈവശാസ്ത്രവും പൗരസ്ത്യ സുറിയാനി ദൈവശാസ്ത്രവും തമ്മിലുള്ള തർക്കങ്ങൾ അവസാനിപ്പിച്ച പ്രഖ്യാപനം ഏതാണ്?

- വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെയും പൗരസ്ത്യ അസ്സിറിയൻ സഭയുടെ കാതോലിക്കോസ്- പാത്രിയർക്കീസ് മാർ ഡിങ്കാ നാലാമന്റെയും സംയുക്ത മിശിഹാ വിജ്ഞാനീയ പ്രഖ്യാപനം.

3. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെയും പൗരസ്ത്യ അസ്സിറിയൻ സഭയുടെ കാതോലിക്കോസ്- പാത്രിയർക്കീസ് മാർ ഡിങ്കാ നാലാമന്റെയും, പൊതുവായ മിശിഹാ വിജ്ഞാനീയ പ്രഖ്യാപനം നടന്നത് എന്നാണ്?

- 1994 നവംബർ 11 വെള്ളിയാഴ്ച.

4. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെയും പൗരസ്ത്യ അസ്സിറിയൻ സഭയുടെ കാതോലിക്കോസ് പാത്രിയർക്കീസ് മാർ ഡിങ്കാ നാലാമന്റെയും പൊതുവായ മിശിഹാ വിജ്ഞാനീയ പ്രഖ്യാപനത്തിൽ ഒപ്പുവച്ച പ്രൈമേറ്റുകൾ ആരായിരുന്നു?

- വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും മാർ ഡിങ്ക നാലാമൻ കാതോലിക്കായും.

5. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെയും കിഴക്കൻ അസ്സിറിയൻ സഭയുടെ കാതോലിക്കോസ്- പാത്രിയർക്കീസ് മാർ ഡിങ്കാ നാലാമൻ്റെയും പൊതുവായ മിശിഹാ വിജ്ഞാനീയ പ്രഖ്യാപനം, എവിടെയാണ് നടത്തിയത്?

- റോമിലെ സെൻ്റ് പീറ്റേഴ്സ് ബസിലിക്കയിൽ.

6. പൊതുവായ മിശിഹാ വിജ്ഞാനീയ പ്രഖ്യാപനത്തിൻ്റെ അന്തിമ ലക്ഷ്യം എന്തായിരുന്നു?

- മനുഷ്യാവതാര രഹസ്യത്തിലുള്ള പൊതു വിശ്വാസം ലോകത്തിന് മുന്നിൽ ഒരുമിച്ച് പ്രഖ്യാപിക്കുക.

7. ശ്ലൈഹിക വിശ്വാസപ്രമാണത്തിൻ്റെ ഉത്ഭവം എവിടെ നിന്നാണ്?

- അത് ദൈവിക വെളിപാടിൽ നിന്നുള്ളതാണ്.

8. “ദൈവിക വെളിപാട്” എന്ന സംജ്ഞയെ നമുക്ക് എങ്ങനെ നിർവചിക്കാം?

- "ദൈവിക വെളിപാട്" എന്നത് മനുഷ്യനെ ശരിയായും രക്ഷാകരമായും സേവിക്കുന്നതിനും ആലാഹായ്ക്ക് അർഹമായ ബഹുമാനവും സ്തുതിയും നൽകാനുംവേണ്ടി അലാഹ തന്നെ മനുഷ്യന് വെളിപ്പെടുത്തിതിനെയാണ് അർത്ഥമാക്കുന്നത്.

9. സർവ്വശക്തനായ ആലാഹയും പിതാവുമായുമായവനിൽനിന്നും "ദൈവിക വെളിപാട്" സ്വീകരിക്കാൻ എല്ലാ മനുഷ്യർക്കും സാധിക്കാത്തത് എന്തുകൊണ്ട്?

- ശരീരത്തിൻ്റെയും ആത്മാവിൻ്റെയും പാപകരമായ അശുദ്ധി കാരണം അവർക്ക് അലാഹയിൽ നിന്ന് "ദൈവിക വെളിപാട്" സ്വീകരിക്കാൻ കഴിയില്ല.

10. "ദൈവിക വെളിപാട്" സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുകയും ചെയ്ത മധ്യവർത്തികൾ ആരെല്ലാമാണ്?

- ആദം, നോഹ, അബ്രഹാം, മെൽക്കിസെദേക് ,

മോശ, മറ്റ് പ്രവാചകന്മാർ; അവർ ദൈവിക വെളിപാടിന്റെ ആരംഭം സ്വീകരിക്കുകയും മനുഷ്യവർഗത്തോട് അത് പ്രഖ്യാപിക്കുകയും ചെയ്തു; പക്ഷേ, അലാഹയുടെ അവതാര പുത്രനും, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയും, നമ്മുടെ കർത്താവും രക്ഷകനുമായ ഈശോ മിശിഹായാണ് ദൈവിക വെളിപാടിനെ അതിന്റെ പൂർണതയിൽ ഭൂമിയിലേക്ക് കൊണ്ടുവന്നത്.

11. മനുഷ്യന് അലാഹയെ കുറിച്ച് എന്തെങ്കിലും അറിവ് ലഭിക്കാൻ കഴിയുമോ?

- സൃഷ്ടിയെക്കുറിച്ചുള്ള പരിഗണനയിലൂടെയോ വിചിന്തനത്തിലൂടെയോ (മരങ്ങൾ, പൂക്കൾ, പ്രപഞ്ചം മുതലായവ) അലാഹയെക്കുറിച്ചുള്ള അറിവ് നേടാനാകും; എന്നിരുന്നാലും, ഈ അറിവ് അപൂർണ്ണവും അലാഹയുടെ സമഗ്രത വെളിപ്പെടുത്താൻ പര്യാപ്തവുമല്ല. അത് വിശ്വാസത്തിനുള്ള തയ്യാറെടുപ്പോ അല്ലെങ്കിൽ, അലാഹയ്ക്കും അവന്റെ വെളിപാടിനും വേണ്ടിയുള്ള ഒരുക്കമായിട്ടോ മാത്രമേ പ്രവർത്തിക്കൂ.

12. എങ്ങനെയാണ് നാം ദൈവിക വെളിപാട് സംരക്ഷിക്കുകയും അത് സത്യസഭയിൽ മനുഷ്യവർഗത്തിനിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നത്?

- രണ്ട് രീതികൾ വഴി: വിശുദ്ധവും ശ്ലൈഹികവുമായ സജീവ പാരമ്പര്യവും; വിശുദ്ധ ഗ്രന്ഥങ്ങളും.

13. "വിശുദ്ധവും ശ്ലൈഹികവും സജീവവുമായ പാരമ്പര്യം " എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്?

- സർവ്വശക്തനായ അലാഹയുടെ ആരാധകരും സത്യവിശ്വാസികളുമായവരുടെ വാമൊഴിയായും മാതൃകയായും, തലമുറയിൽ നിന്ന് മറ്റൊന്നിലേക്ക് നമുക്ക് കൈമാറിയ ക്രൈസ്തവ വിശ്വാസം, അലഹയുടെ നിയമം, വിശുദ്ധ റാസാ, ആചാരങ്ങൾ എന്നിവയുടെ സിദ്ധാന്തമാണ് വിശുദ്ധവും ശ്ലൈഹികവും സജീവവുമായ പാരമ്പര്യം എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്.

14. വെളിപാട്/ പ്രത്യക്ഷീകരണം എന്നതിൻ്റെ അറമായ പദം എന്താണ്?

- ദെൻഹ.

15. വിശുദ്ധവും, ശ്ലൈഹികവും, സജീവവുമായ പാരമ്പര്യത്തിൻ്റെ യഥാർത്ഥ ശേഖരം എന്താണ്?

- ദൈവഹിതത്താൽ യഥാർത്ഥ വിശ്വാസത്തിൻ്റെ വിശുദ്ധ പാരമ്പര്യത്താൽ ഏകീകൃതരായ എല്ലാ വിശ്വാസികളും, കൂട്ടമായും തുടർച്ചയായും, ഒരു വിശുദ്ധ സഭ രൂപപ്പെടുത്തുന്നു; കൂടാതെ, ഈ സഭ വിശുദ്ധവും സജീവവുമായ ശ്ലൈഹിക പാരമ്പര്യത്തിൻ്റെ യഥാർത്ഥ ശേഖരംകൂടിയാണ്.

16. വിശുദ്ധ തിരുവെഴുത്തുകളുടെയോ വിശുദ്ധവും, ശ്ലൈഹികവും, സജീവവുമായ പാരമ്പര്യത്തിൻ്റെയോ ഉപയോഗം സംബന്ധിച്ച ഏറ്റവും പുരാതനമായ പതിവ് ഏതാണ്?

- ദൈവിക വെളിപാട് പ്രഖ്യാപിക്കുന്നതിനുള്ള ഏറ്റവും പുരാതനവും യഥാർത്ഥവുമായ മാർഗ്ഗം, അല്ലെങ്കിൽ രീതി,

വിശുദ്ധവും ശ്ലൈഹികവും സജീവവുമായ പാരമ്പര്യമാണ്. മനുഷ്യരാശിയുടെ പിതാവായ ആദം മുതൽ മോശെ നിവ്യയുടെ കാലംവരെ എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥങ്ങളൊന്നും ഉണ്ടായിരുന്നില്ല. മാറാൻ ഈശോ മ്ശിഹാ, തന്നെ, തൻ്റെ ദൈവിക സിദ്ധാന്തവും ജീവിതവും വാമൊഴിയായും പ്രാഥമിക മാതൃകയായും ശിഷ്യന്മാർക്ക് കൈമാറി; എഴുതിയ പേജിലൂടെയല്ല. ഇതേ രീതി, വിശുദ്ധ ശ്ലീഹൻമാരും അവരുടെ ശുശ്രൂഷയുടെ നാളുകളിൽ പിന്തുടരുകയും ക്രൈസ്തവ വിശ്വാസം പ്രഖ്യാപിക്കുകയും മാറാൻ ഈശോ മ്ശിഹായുടെ വിശുദ്ധ സഭ സ്ഥാപിക്കുകയും ചെയ്തു.

17. വിശുദ്ധ പാരമ്പര്യം വളരെ പ്രധാനമാണെന്ന് പറയുകയാണെങ്കിൽ പിന്നെ എന്തിനാണ് സഭയ്ക്ക് വിശുദ്ധ ഗ്രന്ഥം നൽകുന്നത്?

- വിശുദ്ധ ഗ്രന്ഥം സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ ദൈവിക വെളിപാട് അത് നൽകപ്പെട്ടതുപോലെ മാറ്റമില്ലാതെ സൂക്ഷിക്കാനും സംരക്ഷിക്കപ്പെടാനും കഴിയും.

18. വിശുദ്ധ തിരുവെഴുത്തുകളിലേക്ക് നമുക്ക് എളുപ്പത്തിൽ പ്രവേശനമുണ്ടെങ്കിലും, വിശുദ്ധവും ശ്ലൈഹീകവും സജീവവുമായ ജീവിത പാരമ്പര്യത്തിൻ്റെ ഘടനയിൽ നാം നിലനിൽക്കുന്നത് എന്തുകൊണ്ട്?

- ദൈവിക വെളിപാടിനും വിശുദ്ധ ഗ്രന്ഥങ്ങൾക്കും അനുസ്യൂതമായതിനാൽ നാം വിശുദ്ധ പാരമ്പര്യത്തിൽ നിലനിൽക്കണം (മറ്റെല്ലാം പാഷണ്ഡതയായി തള്ളിക്കളയണം). പൗലോസ് ശ്ലീഹ നമുക്കായി രേഖപ്പെടുത്തുന്നു: "...ആകയാൽ

സഹോദരന്മാരേ, ഉറച്ചു നിൽക്കുവിൻ, ഞങ്ങളുടെ വചനത്താലോ ലേഖനത്താലോ നിങ്ങളെ ഉപദേശിച്ച പാരമ്പര്യങ്ങളെ മുറുകെ പിടിക്കുവിൻ." (II തെസ്സലൊനീക്യ 2:15).

19. പഴയ നിയമവും പുതിയ നിയമവും എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്?

- മനുഷ്യനുമായി അലാഹയുടെ ആദ്യ ഉടമ്പടി നിലനിന്നിരുന്നുവെന്നും, അലാഹയുടെ പുതിയ ഉടമ്പടിയാകട്ടെ മനുഷ്യവർഗവുമായി നിലനിന്നെന്നും പ്രസ്താവിക്കാനാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്;.

20. പഴയനിയമത്തിൻ്റെ രൂപീകരണം എന്തിലാണ് അടങ്ങിയിരിക്കുന്നത്?

- വരാനിരിക്കുന്നവനായ ഈശോ മിശിഹായുടെ വെളിപാടും അവനെ സ്വീകരിക്കാൻ അവരെ (മനുഷ്യരാശിയെ) ഒരുക്കുന്നതുമാണ് പഴയ നിയമം.

---